"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - എരിമയൂർ ഗ്രാമപഞ്ചായത്ത് - ചുള്ളിമട കരുവക്കോട് റോഡ് റീ ടാറിംഗ് (SC കോർപ്പസ് ഫണ്ട് മുഖേന നടത്തിയ പ്രവൃത്തിക്ക് തുക നൽകൽ) എന്ന പദ്ധതി (പ്രോജക്റ്റ് നമ്പർ. 273/ 2019-20) - അനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

**സ.ഉ.(സാധാ) നം.1355/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 14/07/2020

---

പരാമർശം:- 1 എരിമയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 09.01.2020-ലെ കത്ത് .

2 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ

27/05/2020-ലെ 2.3(4.75) നമ്പർ തീരുമാനം .

**ഉത്തരവ്**

എരിമയൂർ ഗ്രാമപഞ്ചായത്ത് 2016-17 വർഷം പട്ടികജാതി വികസന കോർപ്പസ് ഫണ്ടുപയോഗിച്ച് ചുള്ളിമട കരുവക്കോട് റോഡ് റീ ടാറിംഗ് പ്രവൃത്തി ചെയ്തിരുന്നു.ഫീസിബിലിറ്റി ലഭിച്ച സ്ഥലത്തല്ല നിർമ്മാണം നടത്തിയതെന്ന കാരണത്താൽ തുക നൽകിയില്ല. എരുമയൂർ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന ടി പ്രവൃത്തിയുടെ ബിൽ പ്രകാരം ചെയ്ത പ്രവൃത്തിയുടെ തുക 4,75,000/- രൂപയാണ്. റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് ടി തുക നൽകാൻ, ചുള്ളിമട കരുവക്കോട് റോഡ് റീ ടാറിംഗ് (SC കോർപ്പസ് ഫണ്ട് മുഖേന നടത്തിയ പ്രവൃത്തിക്ക് തുക നൽകൽ) എന്ന പദ്ധതി (പ്രൊജക്റ്റ് നമ്പർ 273/ 2019-20 ) എരിമയൂർ ഗ്രാമപഞ്ചായത്തിന്റെ 2019 -20 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയത് നടപ്പിലാക്കാനുള്ള അനുമതിക്കായി എരിമയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാമർശം (1) പ്രകാരം അപേക്ഷിച്ചിരുന്നു.

2) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 27.05.20 ൽ ചേർന്ന യോഗം ഈ വിഷയം വിശദമായി പരിശോധിച്ചു. പ്രസ്തുത യോഗത്തിന്റെ പരാമർശം (2) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, എരിമയൂർ ഗ്രാമപഞ്ചായത്തിന്റെ 2019 -20 വാർഷിക പദ്ധതിയിലുൾപ്പെട്ട ചുള്ളിമട കരുവക്കോട് റോഡ് റീ ടാറിംഗ് (SC കോർപ്പസ് ഫണ്ട് മുഖേന നടത്തിയ പ്രവൃത്തിക്ക് തുക നൽകൽ) എന്ന പദ്ധതി നടപ്പാക്കാൻ എരിമയൂർ ഗ്രാമപഞ്ചായത്തിന് പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫന്**
**ജോയിന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ചീഫ് എൻജിനീയർ,തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

സെക്രട്ടറി, എരിമയൂർ ഗ്രാമപഞ്ചായത്ത്, പാലക്കാട് .

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം

ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം

ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ